**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

<u>സംഗ്രഹം</u>

**തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം -ശ്രീ.സുർജിത്എം. (സെക്രട്ടറി,പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്) - കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയംഭരണ(ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.950/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/05/2020

---

പരാമർശം:- 1 10.05.2013 -ലെ 42/2013/ധന.നമ്പർ സർക്കുലർ

2 28.11.2013 -ലെ സ.ഉ.(പി)നം. 580/2013/ധന.

3 29.10.2018-സ.ഉ(സാധാ)നം.2765/2018/തസ്വഭവ.

4 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.11.2019-ലെ 11080/ഇ1/2018/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കണ്ണൂർ പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയ ശ്രീ..സുർജിത്.എം- ന് കുടുംബശ്രീ കണ്ണൂർ ജില്ല മിഷൻ ഓഫീസിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി പരാമർശം (3) പ്രകാരം അനുവദിച്ച അന്യത്രസേവനകാലം 13/11/2019-ന് അവസാനിച്ച സാഹചര്യത്തിൽ ടിയാളുടെ അന്യത്രസേവന കാലാവധി 14/11/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (4)-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ ജോലി നോക്കി വരുന്ന ശ്രീ. സുർജിത്.എം, (സെക്രട്ടറി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്)-ന്റെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾസ് ഭാഗം -I ചട്ടം (140 സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1)സർക്കുലറിലെയും പരാമർശം(2)ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 14/11/2019 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**നന്ദന ആർ പി**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീ. സുർജിത്.എം, (ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ